**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1607** **03-02-2026 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഡിജിറ്റൽ സർവേ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവേയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കല്ല്യാശ്ശേരി വില്ലേജിന്റെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം അനുസരിച്ചുള്ള സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ എത്ര വില്ലേജുകളിലെ ഡിജിറ്റൽ സർവേയാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ? | (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ഡിജിറ്റൽ സർവേ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട പാണപ്പുഴ, മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ട ചെറുകുന്ന്, കണ്ണപുരം, ചെറുതാഴം, കടന്നപ്പള്ളി എന്നീ വില്ലേജുകളുടെ പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ശേഷിക്കുന്ന വില്ലേജുകളായ മാട്ടൂൽ, കുഞ്ഞിമംഗലം, മാടായി, ഏഴോം, പട്ടുവം എന്നിവയെ ഡിജിറ്റൽ സർവേയുടെ തുടർന്നുവരുന്ന ഘട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ